അപരാഹ്ന സമ്മേളനം

(സഭ വൈകുന്നേരം 4 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം ചേർന്നു.)

നിയമനിർമ്മാണകാര്യം—(തുടർച്ച)

3. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

VI (a) ക്രമപ്രശ്നം

ശ്രീ. എ. കെ. ബാലൻ: സർ, ഇന്ന് രാവിലെ അവതരിപ്പിച്ച കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിലെ വാർഡുകളുടെ എണ്ണം കൂടുകയാണ്. പഞ്ചായത്തിന്റേത് വർദ്ധിച്ചപ്പോൾ മുനിസിപ്പാലിറ്റിയുടേതുമുണ്ട്. അതിലും സാമ്പത്തിക ബാധ്യതയുണ്ടാവുകയില്ലെന്ന് പറയുന്നതിൽ അർത്ഥമില്ല. ധനകാര്യ മെമ്മോറാണ്ടത്തിൽ സാമ്പത്തിക ബാധ്യതയെ സംബന്ധിച്ച് പറയുന്നില്ല. അതുകൊണ്ട് ഈ ബിൽ മാറ്റിവയ്ക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

(b) റൂളിംഗ്

മി. സ്പീക്കർ: ബില്ലിന്റെ അവതരണ ഘട്ടത്തിലാണ് ഇങ്ങനെയൊരു point of order വരേണ്ടത്. ഇപ്പോൾ ആ സ്റ്റേജെല്ലാം കഴിഞ്ഞ് ബിൽ പാസ്സാക്കാനുള്ള നടപടിക്രമത്തിലാണ്. അതുകൊണ്ട് ഈ സമയത്ത് അത്തരമൊരു ക്രമപ്രശ്നം ഉന്നയിക്കാൻ പറ്റില്ല. ഇത് അനുവദനീയമല്ല.

ശ്രീ. എ. കെ. ബാലൻ: ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച് അത് സബ്ജക്ട് കമ്മിറ്റിയിൽ നിന്ന് തിരികെ വരുമ്പോഴാണ് ഇതു പറയേണ്ടതെന്ന് രാവിലെ പറഞ്ഞതാണ്. Introduction stage-ലും consideration stage-ലും point of order കൊണ്ടുവരാം. ഇന്ന സ്റ്റേജിൽ മാത്രമേ കൊണ്ടുവരാൻ പാടുള്ളുവെന്നുള്ളത് ഒരിടത്തും പറഞ്ഞിട്ടില്ല. ഇതിൽ ധനകാര്യ മെമ്മോറാണ്ടം ഇല്ല. ഒരു ബില്ലിനെ സംബന്ധിച്ചിടത്തോളം സാമ്പത്തിക liability ഉണ്ടെങ്കിൽ അത് സൂചിപ്പിക്കണമെന്നുള്ളതാണ്. പഞ്ചായത്ത് രാജ് ബില്ലിൽ അത് സൂചിപ്പിച്ചിട്ടുണ്ട്. അതുപോലെ ഇതിലില്ല. അതുകൊണ്ടാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: മിനിസ്റ്റർക്ക് എന്തെങ്കിലും പറയാനുണ്ടോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, പ്രത്യേകിച്ച് ഒന്നും പറയാനില്ല. രാവിലെ പറഞ്ഞതുപോലെതന്നെ വളരെ ചെറിയൊരു ബില്ലാണ് ഇത്. മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ മിനിമം 20 വാർഡും മാക്സിമം 50 വാർഡുമാണ്. അത് മിനിമം 22 വാർഡും മാക്സിമം 50 വാർഡും ആക്കണമെന്നുള്ളതാണ്. പിന്നെ കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം മിനിമം 50 വാർഡും മാക്സിമം 100 വാർഡുമാണ്. അത് മിനിമം 52 വാർഡ് ആക്കണമെന്നുള്ളതാണ്. രാവിലെ പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ ചർച്ച ചെയ്തപ്പോൾ പറഞ്ഞതാണ്.

ശ്രീ. എ. കെ. ബാലൻ: ഞാൻ അതിന്റെ നിയമപരമായ വശം സൂചിപ്പിച്ചുകഴിഞ്ഞാൽ സ്പെസിഫിക്കായ ഒരു മറുപടി ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നോ അല്ലെങ്കിൽ സ്പീക്കറിൽ നിന്നോ കിട്ടണം. ധനകാര്യ മെമ്മോറാണ്ടം ഇതിൽ സൈലന്റാണ്. അതെന്തുകൊണ്ടാണെന്ന് ചോദിച്ചാൽ നിങ്ങൾ അന്നേരം പറഞ്ഞില്ല എന്നുള്ളതല്ല അതിന്റെ റിപ്ലൈ.

ശ്രീ. കൊടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ സ്പീക്കർ പറഞ്ഞത് ഈ ഘട്ടത്തിലല്ല ചൂണ്ടിക്കാണിക്കേണ്ടത് എന്നാണ്. ബിൽ അവതരിപ്പിച്ച സന്ദർഭത്തിൽ ഇതിനകത്ത് പറയുന്നത് ധനകാര്യ മെമ്മോറാണ്ടത്തിൽ ഈ ബിൽ നിയമമാവുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്തെ സഞ്ചിത നിധിയിൽ നിന്ന് യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ലെന്നാണ്. ഇത് അധികച്ചെലവ് ഉണ്ടാക്കുമോ എന്ന കാര്യം നിയമസഭയിൽ പറയാനുള്ള ബാധ്യത ഗവൺമെന്റിനുണ്ട്. ആ ഒരു പോയിന്റാണ് ശ്രീ. എ. കെ. ബാലൻ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ശ്രീ. എ. കെ. ബാലൻ ഉന്നയിച്ചിരിക്കുന്ന ക്രമപ്രശ്നം വളരെ പ്രസക്തമാണ്. അതിൽ സ്റ്റേജ് ഏതെന്നുള്ളതാണ് ഇപ്പോൾ ചെയർ ഇവിടെ ചൂണ്ടിക്കാണിക്കുന്ന പ്രശ്നം. ബന്ധപ്പെട്ട മന്ത്രിയിൽ നിന്ന് ചെയർ ഒരു വിശദീകരണം വാങ്ങി തരണം. ഇതിൽ അധികച്ചെലവ് ഉണ്ടാകുമോ ഇല്ലയോ എന്നുള്ള കാര്യവും പറയണം.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: അങ്ങ് ഒരു ഉത്തരവു നൽകിയ സാഹചര്യത്തിൽ മറിച്ചൊന്നും എനിക്ക് പറയാനില്ല. പക്ഷേ ഇതിന്റെ വസ്തുത കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും വരുന്ന ചെലവല്ല, ഇതിലെ ചെലവെല്ലാം മുനിസിപ്പാലിറ്റിയാണ് വഹിക്കുന്നത് എന്നതാണ് ഇതിന്റെ വിശദീകരണം. പക്ഷേ objection introduction stage-ൽ കൊടുക്കേണ്ടത് ആണെന്ന് സ്പീക്കർ ഇവിടെ പറഞ്ഞതാണ്. അതിനെപ്പറ്റി എനിക്കൊന്നും പറയാനില്ല.

മി. സ്പീക്കർ: ഏതായാലും ഇത് ഇവിടെ അവസാനിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly